# കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

(ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ കേരള സർക്കാർ)

തൈയ്ക്കാട് പി.ഒ., തിരുവനന്തപുരം - 14

(ടെലി ഫാക്സ് : 0471- 3045647 ഫോൺ : 0483 2760744, മൊബൈൽ : 9496005800)

## കവേർഡ് ട്രക്ക് വാടകയ്ക്ക് ആവശ്യമുണ്ട്

**(TENDER NO: KMSCL/Admn/28/2012) dated 29/05/2017**

*Date and time of Commencement of Tender* : **10:00 am, 30/05/2017**

*Last date and time for the receipt of Tender* : **12:00 pm, 30/06/2017**

*Date of opening of technical :* **03:00 pm; 30/06/2017**

*For details;*

**www.kmscl.kerala.gov.in**

e-mail: **kmscltvm@gmail.com**

# കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

(ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ കേരള സർക്കാർ)
തൈയ്ക്കാട് പി.ഒ., തിരുവനന്തപുരം - 14
(ടെലി ഫാക്സ് : 0471- 3045647 ഫോൺ : 0483 2760744, മൊബൈൽ : 9496005800)

## A. ആമുഖം :

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മലപ്പുറം ജില്ലയിലെ വിവിധ ആശുപത്രികളിലേയ്ക്ക് മരുന്ന് വിതരണം ചെയ്യുന്നതിനായി കവർ ചെയ്ത (കണ്ടെയ്നർ ടൈപ്പ്) ട്രക്കുകൾക്ക് (2 – 3.5 ടൺ) മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ സമർപ്പിക്കാനുള്ള അവസാന തീയതി 30/06/2017 ഉച്ചയ്ക്ക് 12.00 മണിക്കു മുൻപായും, തുറക്കുന്നത് അന്നേദിവസം ഉച്ചതിരിഞ്ഞ് 03.00 മണിക്കും ആയിരിക്കും. ദർഘാസുകൾ ഇരുകവർ ടെണ്ടർ രീതിയിലായിരിക്കണം സമർപ്പിക്കേണ്ടത്. ആദ്യകവറിൽ (കവർ–എ) വാഹനത്തിന്റെ രജിസ്ട്രേഷൻ, ഉപയോഗക്ഷമത, അപേക്ഷാഫോം, നിരതദ്രവ്യം തുടങ്ങിയ വിവരങ്ങളും, രണ്ടാമത്തെ കവറിൽ (കവർ–ബി), **1500 കിലോമീറ്റർ** യാത്രയ്ക്ക് ഒരു മാസത്തെ വാടകയും അധികമായി ഉപയോഗിക്കുന്ന കിലോമീറ്ററിനുള്ള ചാർജ്ജും രേഖപ്പെടുത്തിയിരിക്കണം. നിരതദ്രവ്യമായി തിരുവനന്തപുരത്തു മാറാവുന്ന രീതിയിൽ **₹5,000/-** രൂപയുടെ ഡി.ഡി. മേൽസൂചിപ്പിച്ച അഡ്രസ്സിലായിരിക്കണം സമർപ്പിക്കേണ്ടത്.

## B. കരാർ വ്യവസ്ഥകൾ :

1. കരാർ കാലാവധി 2 വർഷമായിരിക്കും.
2. 1 വർഷത്തിനുശേഷം, കരാർ ഏർപ്പെടുന്ന ദിനത്തിലെ ഇന്ധനവിലയെക്കാൾ 10% അധികം ഇന്ധന വില വർദ്ധിക്കുന്ന സാഹചര്യത്തിൽ മാത്രമേ കരാർ തുകയിലെ പുനർനിർണ്ണയത്തെ കുറിച്ച് കോർപ്പറേഷൻ പരിഗണിക്കുകയുള്ളൂ. മറ്റൊരു കാരണവശാലും കരാർ തുക പുനർനിർണ്ണയിക്കുന്നതല്ല.
3. വാഹനം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ബന്ധപ്പെട്ട വെയർഹൗസ് പരിസരത്ത് (മഞ്ചേരി/ തിരൂർ) സ്ഥിരമായി പാർക്ക് ചെയ്യേണ്ടതാണ്. വാഹനത്തിന്റെ പ്രവർത്തനസമയം രാവിലെ 7.00 മുതൽ വൈകുന്നേരം 6 മണി വരെയായിരിക്കും. അടിയന്തരഘട്ടത്തിൽ വാഹനത്തിന്റെ പ്രവർത്തനസമയത്തിൽ ജില്ലാ വെയർഹൗസ് മാനേജരുടെ നിർദ്ദേശപ്രകാരം മാറ്റം വരുത്തേണ്ടതായിരിക്കും.
4. വാഹനത്തിന്റെ ഡ്രൈവർമാരെ വാഹന ഉടമ നിയമിക്കേണ്ടതും അവരുടെ ശമ്പളം നൽകേണ്ടതുമാണ്. ഡ്രൈവർക്ക് പുതുക്കിയ ലൈസൻസ്, ബാഡ്ജ് ഉണ്ടായിരിക്കണം. കോർപ്പറേഷന്റെ അനുമതിയോടു കൂടി മാത്രമേ ഡ്രൈവർമാരെ മാറ്റാൻ പാടുള്ളൂ. തുടർച്ചയായി ഡ്രൈവർമാരെ മാറ്റുന്നത് കോൺട്രാക്ട് റദ്ദുചെയ്യുന്നതിനിടയാക്കും.

5.. കരാറിലേർപ്പെടുന്ന വാഹനത്തിന്റെ ഡ്രൈവർ ഹാജരാകാതിരിക്കുകയോ, വാഹനത്തിന് ഉപയോഗിക്കാനാവാത്ത വിധം തകരാർ സംഭവിക്കുകയോ അപകടത്തിൽപ്പെടുകയോ, ചെയ്യുകയാണെങ്കിൽ അന്നേദിവസം തന്നെ കരാറുകാരന്റെ ചെലവിൽ അതേ തരത്തി ലുള്ള മറ്റൊരു ഡ്രൈവർ/ വാഹനം തരപ്പെടുത്തി നൽകേണ്ടതാണ്. ഇതനുസരിച്ച് പ്രവർത്തിക്കാത്തപക്ഷം കോർപ്പറേഷൻ സ്വന്തം ചെലവിൽ ഡ്രൈവർ/ വാഹനം ഏർപ്പാടു ചെയ്യുന്നതും ആയതിന് ചെലവാകുന്ന മുഴുവൻ തുകയും കരാറുകാരിൽ നിന്ന് ഈടാക്കുന്നതുമാണ്.

6. യാത്രാവേളയിൽ ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും പൂർണ്ണ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. വാഹനം/ ഡ്രൈവർ/ കരാറുകാരൻ മുഖാന്തിരം സർക്കാർ/ കോർപ്പറേഷന് ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങളും നികത്തുവാനുള്ള ബാധ്യത കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.

7. തിരഞ്ഞെടുക്കപ്പെടുന്ന ദർഘാസുകാർ കോർപ്പറേഷനുമായി ഒരു സമ്മതപത്രം ഒപ്പുവ യ്ക്കേണ്ടതും ടിയാൾ സമർപ്പിച്ചിട്ടുള്ള നിരതദ്രവ്യം ₹5,000/- സെക്യൂരിറ്റി ഡെപ്പോസിറ്റായി പരിവർത്തനം ചെയ്യുന്നതുമാണ്.

8.. ഒരിക്കൽ കോർപ്പറേഷനുമായി അംഗീകരിച്ചിട്ടുള്ള കരാർ വ്യവസ്ഥകൾ, കരാർ തുക എന്നിവ കരാർ കാലയളവിൽ പാലിക്കപ്പെടേണ്ടതാണ്. അല്ലാത്ത പക്ഷം നോട്ടീസ് കൂടാതെ കരാർ റദ്ദുചെയ്യുന്നതിനുള്ള അധികാരം കോർപ്പറേഷനുണ്ടായിരിക്കും.

9.. വാഹനത്തിന്റെ ലോഗ് ബുക്ക് ഡ്രൈവറുടെ കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതും ഓരോ യാത്രയും ജില്ലാ വെയർഹൗസ് മാനേജർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഓരോ മാസ ത്തേയും ബില്ലിനൊപ്പം ലോഗ്ബുക്കിന്റെ പ്രസ്തുത ഭാഗത്തിന്റെ പകർപ്പും നൽകേണ്ടതാ ണ്.

10. ലോഗ്ബുക്കിൽ യാത്രയെക്കുറിച്ച് രേഖപ്പെടുത്തുമ്പോൾ, ഓരോ ലക്ഷ്യസ്ഥാനവും രേഖപ്പെടുത്തേണ്ടതാണ്. ജില്ലാന്തര യാത്ര നടത്തുമ്പോൾ അവലംബിച്ച വഴിയും രേഖപ്പെടുത്തേണ്ടതാണ്.

11. ജില്ലാന്തര യാത്ര വേണ്ടിവന്നാൽ ഡ്രൈവർക്ക് നിയമാനുസൃത ഡി.എ-യ്ക്ക് അർഹത യുണ്ടായിരിക്കും.

12. ടാക്സ്, ഇന്ധനം, ഇൻഷുറൻസ്, മെയിന്റനൻസ്, ഡ്രൈവർക്കുള്ള ശമ്പളം എന്നിവ വാഹന ഉടമ വഹിക്കേണ്ടതാണ്.

13. കരാറിലേർപ്പെട്ടിരിക്കുന്ന വാഹനത്തിന്റെ മുൻവശത്തും പിറകുവശത്തും 'കെ.എം.എസ്.സി.എൽ- കേരള സർക്കാർ - അടിയന്തിര മരുന്ന് വിതരണം' എന്ന് രേഖപ്പെടുത്തിയ താല്ക്കാലിക ബോർഡ് (നീല പ്രതലത്തിൽ വെളുത്ത അക്ഷരം) സ്ഥാപിക്കേണ്ടതാണ്. ടി വാഹനം മരുന്നു സംഭരണശാലയുടെ സേവനത്തിനായി നിയോഗിക്കപ്പെടുന്ന കാലയളവത്രയും ഈ ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ്.

14. അധിക കി.മീ.നുള്ള തുക നൽകുന്നത്, 3 മാസത്തെ മൊത്തം കി.മീ. കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. ഓരോ മാസവും 5-ാം തീയതിക്കുമുമ്പ് ബില്ല് കോർപ്പറേ

ഷൻ ജില്ലാവെയർഹൗസ് ഓഫീസിൽ എത്തിച്ചാൽ 15-ാം തീയതിക്കുമുമ്പ് തുക ചെക്കായോ, ബാങ്ക് അക്കൗണ്ടിലേക്കോ നൽകുന്നതായിരിക്കും.

15. കരാർ കാലയളവിൽ 30 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അവകാശം കോർപ്പറേഷനും വാഹനഉടമയ്ക്കും ഉണ്ടായിരിക്കുന്നതാണ്.

## C. വാഹനങ്ങൾ സംബന്ധിച്ച് :

1.

**ആവശ്യമായ വാഹനങ്ങളുടെ വിവരം താഴെച്ചേർക്കുന്നു.**

| വാഹനം ആവശ്യമുള്ള ജില്ല | ആവശ്യമായ വാഹനം | വാഹനത്തിന്റെ ഭാര ശേഷി പരിധി ടണ്ണിൽ | വാഹനത്തിന്റെ എണ്ണം |
|---|---|---|---|
| മലപ്പുറം (മഞ്ചേരി/ തിരൂർ | കവേർഡ് കണ്ടെയ്നർ ട്രക്ക് | 2 – 3.5 ടൺ | 2 |

2. വാഹനം 2016 ജനുവരി 1-ന് ശേഷം പുതിയതായി വാങ്ങി രജിസ്റ്റർ ചെയ്തതായിരിക്കണം.

3. വാഹനത്തിന്റെ കാർഗോ കമ്പാർട്ട്മെന്റ് പൂർണ്ണമായും മെറ്റൽ കവറിംഗ് ഉള്ളതായിരിക്കണം. ടാർപോളിൻ / പ്ലാസ്റ്റിക്ഷീറ്റ് എന്നിവകൊണ്ട് താത്കാലികമായി കവർ ചെയ്ത വാഹനങ്ങൾ സ്വീകാര്യമല്ല.

4. കാർഗോ കമ്പാർട്ട്മെന്റിന് പ്രത്യേകമായി സുരക്ഷിതമായ പൂട്ടും താക്കോലും ഉണ്ടായിരിക്കണം.

5. യോഗ്യത നേടുന്ന വാഹനങ്ങൾ ജില്ലാ വെയർഹൗസ് മാനേജർ നിർദ്ദേശിക്കുന്ന തിയ്യതിയിൽ നിർദ്ദേശിക്കുന്ന സ്ഥലത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും, തുടർന്ന് 200 രൂപ മുദ്രപത്രത്തിൽ കരാറിലേർപ്പെടേണ്ടതും, ജില്ലാ വെയർഹൗസ് മാനേജർ നിർദ്ദേശിക്കുന്ന തിയ്യതി മുതൽ പ്രവർത്തനം തുടങ്ങേണ്ടതുമാണ്.

6. കരാറിലേർപ്പെട്ട വാഹനം മാറ്റി പകരം മറ്റൊരു വാഹനം സേവനത്തിനായി നല്കുന്നത് അനുവദനീയമല്ല. ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ, ബദൽ വാഹനം നല്കേണ്ടി വരികയാണെങ്കിൽ, ടി വാഹനവും ദർഘാസിനനുസൃതമായിരിക്കേണ്ടതും കമ്മിറ്റി മുമ്പാകെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

## D. ദർഘാസുകൾ സമർപ്പിക്കേണ്ട രീതി :

1. വാഹനത്തിന്റെ ഇൻഷ്വറൻസ്, ടാക്സ്, രജിസ്ട്രേഷൻ, ഫോട്ടോ തുടങ്ങി ആവശ്യമായ രേഖകളുടെ കോപ്പികൾ സഹിതം ടി ദർഘാസിന് അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ അപേക്ഷാഫോറം (പേജ് നം. 7 മുതൽ 9 വരെ) മഞ്ചേരിയിൽ സ്ഥിതി ചെയ്യുന്ന സംഭരണശാലയിൽ നൽകേണ്ടതാണ്. അപേക്ഷാഫോറം സമർപ്പിക്കുന്ന

കവറിനു മുകളിൽ 'വാഹന ദർഘാസ്' എന്ന് രേഖപ്പെടുത്തണം. ദർഘാസ് നൽകേണ്ട സംഭരണശാലയുടെ പൂർണ്ണവിലാസം പേജ് നം. 10 ൽ വിശദീകരിച്ചിട്ടുണ്ട്.

2. അപേക്ഷയോടൊപ്പം നിരതദ്രവ്യം (Earnest Money Deposit) ആയി Managing Director, Kerala Medical Services Corporation Ltd. ന്റെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന തരത്തിൽ **Rs.5,000/-** (അയ്യായിരം രൂപാ മാത്രം) ഡിമാന്റ് ഡ്രാഫ്റ്റ് നൽകേണ്ടതാണ്. കരാർ ലഭിക്കുന്നയാൾ ആയതിൽ നിന്നും പിന്മാറുകയോ കരാർ സ്വീകരിക്കാൻ വിസമ്മതിക്കുകയോ ചെയ്താൽ നിരതദ്രവ്യ തുക കോർപ്പറേഷൻ വസൂലാക്കുന്നതായിരിക്കും.

3. അപേക്ഷയോടൊപ്പം വാഹനത്തിന്റെ ഫോട്ടോ (വശങ്ങളിലും നിന്നും പുറകിൽ നിന്നും എടുത്തിട്ടുള്ളത്) കൂടി നൽകണം.

4. മുകളിൽ പറഞ്ഞ പ്രകാരം നൽകുന്ന കവർ–എ യിലെ രേഖകൾ പരിശോധിച്ചതിനു ശേഷം വാഹനങ്ങളുടെ ഉപയോഗക്ഷമത പരിശോധിക്കുന്നതാണ്. തൃപ്തികരമായ പ്രവർത്തനക്ഷമതയുള്ള വാഹനങ്ങളുടെ തുക രേഖപ്പെടുത്തിയ കവർ–ബി മാത്രമേ പരിശോധിക്കുകയുള്ളൂ.

5. ജില്ലയിൽ ഒരു മാസത്തേക്ക് **1500 കിലോമീറ്ററിന്** വേണ്ട മിനിമം തുകയ്ക്കുപുറമേ അധികമായി ഉപയോഗിക്കുന്ന ഓരോ കിലോമീറ്ററിനുള്ള തുക പ്രത്യേകമായി ക്വോട്ടു ചെയ്യേണ്ടതാണ്.

6. എല്ലാ നികുതികളും ഉൾപ്പെടെയാണ് നിരക്ക് രേഖപ്പെടുത്തേണ്ടത്. റ്റി.ഡി.എസ്സ്. ഈടാക്കേണ്ടതാണെങ്കിൽ ആയതിനുള്ള വിവരങ്ങളും നൽകേണ്ടതാണ്.

7. ഒരേതരത്തിലുള്ള വാഹനങ്ങളുടെ തുക താരതമ്യം ചെയ്തായിരിക്കും അനുയോജ്യമായവ തെരഞ്ഞെടുക്കുന്നത്. താരതമ്യത്തിനായി അധിക കിലോമീറ്ററിന് നൽകുന്ന തുകയും പരിഗണിക്കുന്നതാണ്.

8. ഒരാൾ ഒന്നിൽകൂടുതൽ വാഹനത്തിന് ക്വട്ടേഷൻ നൽകുകയാണെങ്കിൽ ഓരോ വാഹനത്തിനും പ്രത്യേകം അപേക്ഷാഫോറവും പ്രൈസ് ബിഡ്ഡും നൽകേണ്ടതാണ്.

9. അനുയോജ്യമായ വാഹനം തെരഞ്ഞെടുത്ത് കരാർ നൽകിയതിനുശേഷം ടെണ്ടറിൽ പങ്കെടുത്ത ബാക്കിയുള്ളവർക്ക് അവർ സമർപ്പിച്ചിട്ടുള്ള നിരതദ്രവ്യം കോർപ്പറേഷൻ തിരികെ നൽകുന്നതാണ്.

## E. <u>ദർഘാസുകളുടെ മൂല്യനിർണയം :</u>

1. നിശ്ചിത തീയതിക്കും സമയത്തിനുമുള്ളിൽ ഇരു കവർ രീതിയിൽ (കവർ എ, കവർ ബി) സമർപ്പിക്കുന്ന ദർഘാസുകൾ മാത്രമേ മൂല്യനിർണയത്തിൽ പരിഗണിക്കുകയുള്ളൂ.

2. പൂർണമായും പൂരിപ്പിച്ച അപേക്ഷകൾ ആയിരിക്കും പരിഗണിക്കുന്നത്.

3. അപേക്ഷയോടൊപ്പം നിർബന്ധമായും നിരതദ്രവ്യം, ഡി. ഡി. ആയി (കവർ എ–യോടൊപ്പം) സമർപ്പിക്കേണ്ടതാണ്.

4. വാഹനം പുറത്തിറക്കിയ തീയതി, വാഹനത്തിന്റെ തരം, ഭാരശേഷി, Gross Vehicle Weight, വാഹനത്തിന്റെ ഭാരം (Unladen Weight), തുടങ്ങിയ വിവരങ്ങൾ R.C. Book പ്രകാരം (ടണ്ണിൽ/കിലോഗ്രാമിൽ) കൃത്യമായി രേഖപ്പെടുത്തിയ ദർഘാസുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

5. ദർഘാസുകളുടെ മൂല്യനിർണയത്തിൽ 1500 കിലോമീറ്ററിന്, മാസംതോറും വാഹനം ഉപയോഗിക്കുന്നതിന് ആവശ്യമായ തുകയും (ഡ്രൈവറുടെ ശമ്പളം, മെയിന്റനൻസ്, ഇന്ധന വില, വാഹനത്തിന്റെ വാടക അടക്കം),

6. ദർഘാസിൽ നൽകിയിരിക്കുന്ന അധിക കിലോമീറ്റർ തുകയും പരിഗണിച്ച് ടി നിരക്കുകൾ താരതമ്യം ചെയ്ത്, അതിൽ ഏറ്റവും കുറവ് നൽകുന്ന ദർഘാസുകൾ യോഗ്യത നേടുന്നതാണ്.

7. ദർഘാസിൽ വാഹനത്തിന്റെ ഭാരശേഷി (Carrying Capacity or Payload Capacity) എന്നതു കൊണ്ടുദ്ദേശിക്കുന്നത് വാഹനത്തിന്റെ Gross Vehicle Weight ഉം വാഹനത്തിന്റെ ഭാരവും (Unladen Weight) തമ്മിലുള്ള വ്യത്യാസം എന്നതാണ്. വാഹനത്തിന്റെ R.C. Book ൽ രേഖപ്പെടുത്തിയ Gross Vehicle Weight, Unladen Weight എന്നിവയാണ് പരിഗണിക്കുന്നത്.

8. ടി യോഗ്യത നേടുന്ന ദർഘാസുകാർ മേൽപ്പറഞ്ഞ ടെണ്ടർ വ്യവസ്ഥ C. 5, Page No. 4 പ്രകാരം വാഹനം ജില്ലാ വെയർഹൗസ് മാനേജർ നിർദ്ദേശിക്കുന്ന തീയതിയിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. പരിശോധനയിൽ പരാജയപ്പെടുന്ന വാഹനങ്ങൾക്ക് പകരം യഥാക്രമം അതിനടുത്ത സ്ഥാനക്കാരെ പരിഗണിക്കുന്നതാണ്.

9. ദർഘാസ് ക്ഷണിച്ച് 6 മാസം വരെ ദർഘാസിന് കാലാവധി ഉണ്ടാകുമെന്നും (Price firmness) യോഗ്യതനേടുന്നവർ 6 മാസത്തിനുള്ളിൽ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെടാത്തപക്ഷം ടി കരാർ അസാധുവാകുന്നതുമാണ്.

**മാനേജിംഗ് ഡയറക്ടർ**

# കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

**തൈയ്ക്കാട് പി.ഒ., തിരുവനന്തപുരം - 14**

## വാഹനം നൽകുന്നതിനായുള്ള അപേക്ഷാ ഫാറം

**(കവർ – എ യിൽ സമർപ്പിക്കേണ്ടത്)**

| | | | | |
|---|---|---|---|---|
| 1. | ദർഘാസ് നൽകുന്ന ആളിന്റെ പേരും വിലാസവും | | : | |
| | | | | |
| | | | | |
| | | | | |
| | | | | Mobile No.- |
| | | | | e-mail - |
| 2. | ക്വട്ടേഷൻ നൽകുന്ന ആൾ വാഹനത്തിന്റെ യഥാർത്ഥ ഉടമസ്ഥനാണോ | | : | ആണ് / അല്ല |
| 3. | ക്വട്ടേഷൻ നൽകുന്ന ആൾ യഥാർത്ഥ ഉടമസ്ഥനല്ലെങ്കിൽ ഉടമസ്ഥൻ ചുമതലപ്പെടുത്തിയ രേഖയുടെ പകർപ്പും സമ്മതപത്രവും അനുബന്ധമായി നൽകിയിട്ടുണ്ടോ | | : | ഉണ്ട് /ഇല്ല |
| 4. | വാഹനത്തിന്റെ വിവരങ്ങൾ | | | |
| | a. | ഉടമസ്ഥന്റെ പേരും വിലാസവും | : | |
| | b. | വാഹനത്തിന്റെ ഇനം | : | |
| | c. | മോഡൽ | : | |
| | d. | വാഹനത്തിന്റെ വിശദവിവരങ്ങൾ | : | |
| | e. | 1. Gross Vehicle Weight (in ton) as per R.C. Book | : | |
| | | 2. Unladen weight (in ton) as per R.C. book | : | |
| | | 3. Carrying Capacity (in ton) | : | |

| | | | | | |
|---|---|---|---|---|---|
| | | 4. രജിസ്ട്രേഷൻ നമ്പർ | : | | |
| 5. | വാഹനത്തിന്റെ ഫോട്ടോഗ്രാഫ് അനുബന്ധമായി നൽകിയിട്ടുണ്ടോ | | : | ഉണ്ട് /ഇല്ല | |
| 6. | നിരതദ്രവ്യം സംബന്ധിച്ച വിവരങ്ങൾ | | : | തുക | **₹5,000/-** |
| | | | | ഡി.ഡി നം. | |
| | | | | ബാങ്ക് | |
| | | | | തീയതി | |
| 7. | ക്വട്ടേഷൻ നൽകുന്ന ആളിന്റെ വിലാസം തെളിയിക്കുന്നതിനായി തിരിച്ചറിയൽ കാർഡിന്റെ കോപ്പി / റേഷൻ കാർഡിന്റെ കോപ്പി / പാസ് പോർട്ടിന്റെ കോപ്പി / ഇവയിൽ ഏതെങ്കിലും ഒന്ന് നൽകിയിട്ടുണ്ടോ | | : | ഉണ്ട് /ഇല്ല | |

ഞാൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് ക്വട്ടേഷനിൽ പറഞ്ഞിട്ടുള്ള എല്ലാ വ്യവസ്ഥകളും രണ്ടു വർഷത്തെ ക്വട്ടേഷൻ കാലയളവിൽ പാലിക്കുമെന്ന് ഉറപ്പുനൽകുന്നു.

ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേര് :

സ്ഥലം :

ഒപ്പ് :

തീയതി :

* **ഒന്നിൽ കൂടുതൽ വാഹനങ്ങൾക്ക് ക്വട്ടേഷനുകൾ നൽകുന്നുണ്ടെങ്കിൽ പ്രത്യേകം അപേക്ഷാ ഫോറം നൽകുക.**

# കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

തൈയ്ക്കാട് പി.ഒ., തിരുവനന്തപുരം - 14

## PRICE BID

## (കവർ – ബി യിൽ സമർപ്പിക്കേണ്ടത്)

| | | | |
|---|---|---|---|
| (a) | ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേര് | : | |
| (b) | വാഹനത്തിന്റെ രജിസ്റ്റർ നം. | : | |
| (c) | വാഹനത്തിന്റെ ഇനം | : | |
| (d) | വാഹനത്തിന്റെ വിശദവിവരങ്ങൾ | : | |
| | 1. Gross Vehicle Weight (in ton/Kg) as per R.C. Book | : | |
| | 2. Unladen weight (in ton/Kg) as per R.C. book | : | |
| | 3. Carrying Capacity (in ton/Kg) | : | |
| (e) | 1500 കി.മീ – ന് മാസം നൽകേണ്ട മിനിമം തുക | : | |
| (f) | അധികമായി ഓടുന്ന കി.മീ–ന് (1500 km ന് മുകളിൽ) ആവശ്യപ്പെടുന്ന തുക | : | |

തീയതി :

പേര് :

വിലാസം :

ഫോൺ നം :

* ഒന്നിൽകൂടുതൽ വാഹനങ്ങൾക്ക് ക്വട്ടേഷനുകൾ നൽകുന്നുണ്ടെങ്കിൽ പ്രത്യേകം Price Bid നൽകുക.

| ജില്ലാ വെയർഹൗസ് | അഡ്രസ്സ് |
|---|---|
| മലപ്പുറം – മഞ്ചേരി | ഡിസ്ട്രിക്ട് ഡ്രഗ് വെയർഹൗസ്<br>കേരള സ്റ്റേറ്റ് വെയർഹൗസിങ്ങ് കോർപ്പറേഷൻ കോമ്പൗണ്ട്,<br>മഞ്ചേരി,<br>മലപ്പുറം. ഫോൺ : 0483-2760744<br>മൊബൈൽ: 9496005800 |